# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം22/818/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം22/818/2022 തീയ്യതി: 03/06/2022

## മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-02-2020 മുതൽ 20-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-03-2022 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-03-2022 | 31-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അബ്ദുള്ള എ സി, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ മുഹമ്മദ് ഫസലുറഹ്മാൻ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ മുഹമ്മദ് നൗഷാദ് എ കെ, ഓഡിറ്റർ
ശ്രീമതി ഹസ്ന വി സി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി റൈഹാന ബേബി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ രാജീവ് ആർ | സെക്രട്ടറി | 01-04-2019 | 31-01-2020 |
| ശ്രീ മുരളീധരൻ പി | സെക്രട്ടറി | 01-02-2020 | 31-03-2020 |
| ശ്രീ നസീർ എൻ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ ഷൌക്കത്തലി പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-05-2019 |
| ശ്രീമതി ജമീല മുംതാസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-06-2019 | 25-07-2019 |
| ശ്രീ ഗിരീഷ് | അസിസ്റ്റന്റ് എഞ്ചിനിയർ | 26-07-2019 | 31-03-2020 |
| ഡോ രജിത ജോസഫ് | വെറ്ററിനറി സർജൻ | 01-04-2019 | 05-12-2019 |
| ഡോ ശ്യാം | വെറ്ററിനറി സർജൻ | 06-12-2019 | 31-03-2020 |
| ഡോ അബ്ദുല്ല പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ അബ്ദുൽ ഗഫൂർ എം പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീ വിമൽ ബാബു എ കെ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി സുലൈഖ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-05-2019 |
| ശ്രീമതി ലിജിത എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2019 | 31-03-2020 |
| ശ്രീമതി സജിനി ഒ | ഡയറി എക്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ മുഹമ്മദ് | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷഹന സി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Husna (Auditor, On 25-03-2022)<br>Last Updated By: Husna (Auditor, On 25-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Husna (Auditor, On 25-03-2022)<br>Last Updated By: A.C.Abdulla (Audit Officer, On 01-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Husna (Auditor, On 25-03-2022)<br>Last Updated By: Unni.P (Deputy Director, On 23-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം)<br>Written By: Husna (Auditor, On 25-03-2022)<br>Last Updated By: Unni.P (Deputy Director, On 23-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Husna (Auditor, On 25-03-2022)<br>Last Updated By: Husna (Auditor, On 25-03-2022) | 1-5 |
| 6 | പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല<br>Written By: Husna (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-5-1 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Husna (Auditor, On 25-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Husna (Auditor, On 25-03-2022)<br>Last Updated By: Husna (Auditor, On 25-03-2022) | 1-7 |
| 9 | ക്യാഷ് പരിശോധന.<br>Written By: Husna (Auditor, On 25-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 23-05-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Husna (Auditor, On 25-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-10 |
| 12 | വാർഷിക ധനകാര്യ പത്രിക-അപാകതകൾ.<br>Written By: Mohammed Noushad A K (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-11 |
| 13 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ<br>Written By: Husna (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 23-05-2022) | 1-12 |
| 14 | വസ്തു നികുതി വിജ്ഞാപന ഭേദഗതി നടപ്പിൽ വരുത്തിയിട്ടില്ല.<br>Written By: Husna (Auditor, On 31-03-2022)<br>Last Updated By: Husna (Auditor, On 01-04-2022) | 1-13 |
| 15 | നൂതന (Innovative) പ്രൊജക്റ്റ് അംഗീകാരം - രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Husna (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-14 |
| 16 | പൊതുവിദ്യഭ്യാസ യജ്ഞം (ജനറൽ )<br>Written By: Husna (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-14-1 |
| 17 | പൊതുവിദ്യഭ്യാസ യജ്ഞം (എസ് സി)<br>Written By: Husna (Auditor, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 1-14-2 |

| | | |
|---|---|---|
| 18 | മരുന്ന് ലഭ്യമായിട്ടില്ല(ഹോമിയോ )<br>Written By: A.C.Abdulla (Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 23-05-2022) | 1-15 |
| 19 | ഭിന്നശേഷി കലാ മേള-ചെലവുകൾക്ക് ക്വട്ടേഷൻ ക്ഷണിച്ചില്ല<br>Written By: Mohammed Noushad A K (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 23-05-2022) | 1-16 |
| 20 | പരിരക്ഷ വാഹനം ക്വട്ടേഷൻ അപാകത<br>Written By: Mohammed Noushad A K (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 23-05-2022) | 1-17 |
| 21 | മെഡിക്കൽ ഓഫീസർ-PHC, വിവിധ പദ്ധതി ചെലവ് - സ്റ്റോക്ക് അപാകതകൾ<br>Written By: Mohammed Noushad A K (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 23-05-2022) | 1-18 |
| 22 | ചെലവ് തുകക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായില്ല<br>Written By: Mohammed Noushad A K (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-19 |
| 23 | കുടിവെള്ള പദ്ധതികൾ - മാർഗ്ഗരേഖ പാലിക്കാതെ നടപ്പാക്കി<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 1-20 |
| 24 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 23-05-2022) | 1-21 |
| 25 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 23-05-2022) | 1-22 |
| 26 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 23-05-2022) | 1-23 |
| 27 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-24 |
| 28 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-25 |
| 29 | ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-26 |
| 30 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 23-05-2022) | 1-27 |
| 31 | തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വർക്ക് പ്രവൃത്തികളിലെ അപാകതകൾ.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 23-05-2022) | 1-28 |
| 32 | കൃഷിഭവൻ വിപണന കേന്ദ്രം - ഉപയോഗപ്പെടുത്തുന്നില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |

| | | |
|---|---|---|
| | Written By: Husna (Auditor, On 26-03-2022)<br>Last Updated By: Husna (Auditor, On 01-04-2022) | |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Husna (Auditor, On 25-03-2022)<br>Last Updated By: Husna (Auditor, On 26-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Husna (Auditor, On 26-03-2022)<br>Last Updated By: Husna (Auditor, On 01-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Husna (Auditor, On 26-03-2022)<br>Last Updated By: Husna (Auditor, On 26-03-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Husna (Auditor, On 26-03-2022)<br>Last Updated By: Husna (Auditor, On 01-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Husna (Auditor, On 26-03-2022)<br>Last Updated By: Husna (Auditor, On 26-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Husna (Auditor, On 26-03-2022)<br>Last Updated By: Husna (Auditor, On 26-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Husna (Auditor, On 26-03-2022)<br>Last Updated By: Husna (Auditor, On 26-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Husna (Auditor, On 26-03-2022)<br>Last Updated By: Unni.P (Deputy Director, On 23-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Husna (Auditor, On 26-03-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Husna (Auditor, On 26-03-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) തിയതി 20.02.2019 | 1(1) തിയതി 23.03.2020 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31 .07.2020 | 25.06.2020 |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 8072457 |
| വരവ് | 48960855 |
| ആകെ | 57033312 |
| ചെലവ് | 47328915 |
| നീക്കിയിരിപ്പ് | 9704397 |

## 1-4 ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 9881982 | 9881982 | 7465316 | 241666 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 5675681 | 5675681 | 3733458 | 1942223 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 31300 | 31300 | 0 | 31300 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 16215000 | 16215000 | 10978081 | 5236919 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 3251000 | 3251000 | 1955015 | 1295985 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6602628 | 6602628 | 2285229 | 4317399 |
| ബി ഫണ്ട് | 0 | 15339020 | 15339020 | 15339020 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 301 | 72202553 | 161 | 34973791 | 0 | 140 | 53.48 |

### 1-5-1 പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സഉ (MS) 11/2018 /തസ്വഭവ തിയതി 29-01-2018 നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കീഴപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ പദ്ധതി രൂപീകരണ രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് ഗ്രാമപഞ്ചായത്ത് പദ്ധതി തയ്യാറാക്കിയത് എന്ന് വ്യക്തമായി.

വാർഷിക പദ്ധതികൾ താഴെ പറയുന്ന നടപടികൾ പാലിച്ചാണ് തയ്യാറാക്കേണ്ടത് എന്ന് മേൽ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

1)പ്ലാൻ കോ-ഓർഡിനേറ്റർ - തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി പ്ലാൻ കോ-ഓർഡിനേറ്ററുടെ ചുമതല വഹിക്കണം.

2)എല്ലാ വർഷവും ആവശ്യമെങ്കിൽ വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിക്കുകയും ഭരണ സമിതി ഗ്രൂപ്പ് അംഗങ്ങളെ അംഗീകരിക്കുകയും ചെയർ പേഴ്സണെയും ,ഉപാദ്ധ്യക്ഷൻ, കൺവീനറെയും നിശ്ചയിക്കുകയും വേണം.

3) വർക്കിംഗ് ഗ്രൂപ്പ് : 10 മുതൽ 15 വരെ അംഗങ്ങൾ , അംഗ സംഖ്യയുടെ 1/3 ആണ് ക്വാറം.

4)വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം : വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ ആദ്യ പൊതുയോഗത്തിൽ പ്രസിഡന്റ് മുൻ വർഷ പദ്ധതി വിലയിരുത്തുകയും വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ നടപ്പുവർഷ മുൻഗണനകൾ വിശദീകരിക്കുകയും ചെയ്യണം.

5) വർക്കിംഗ് ഗ്രൂപ്പുകൾ യോഗങ്ങൾ ചേർന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കുകയും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക , മുൻവർഷ പ്രൊജക്ട് നടത്തിപ്പ് സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക എന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്.

6)പദ്ധതി സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായും സ്റ്റേക്ക് ഹോൾഡർമാരുമായും കൂടിയാലോചന നടത്തുക.

7)ജനപ്രതിനിധികളുടെ യോഗം വിളിക്കുക

8)പ്രൊജക്ട് അന്തിമമാക്കുക , വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ തയ്യാറാക്കുക

9)വികസന സെമിനാർ : വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ ചർച്ച ചെയ്ത് ആവശ്യമായ നിർദേശങ്ങൾ നൽകുക.

10)വികസന രേഖ ഭരണ സമിതി അംഗീകരിക്കുക , അടങ്കലും വകയിരുത്തലും തീരുമാനിക്കുക.

11) നിർവഹണോദ്യോഗസ്ഥൻ പ്രൊജക്ട് തയ്യാറാക്കി അംഗീകാരം നേടുക.

12)പ്രൊജക്ടുകൾ മോണിറ്റർ ചെയ്യുക

എന്നാൽ ഗ്രാമപഞ്ചായത്ത് 2019-20 വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ മേൽ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പദ്ധതി തയ്യാറാക്കി വിവിധ പ്രൊജക്ടുകൾക്ക് അംഗീകാരം നേടിയത് എന്ന് വ്യക്തമായി

• 2019-20 വർഷത്തിലെ പദ്ധതി തയ്യാറാക്കാനായി 18.11.2018, 05.12.2018 എന്നീ തിയതികളിൽ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത്.

• മിക്ക വർക്കിംഗ് ഗ്രൂപ്പുകളും മിനുട്സിൽ യോഗ തീരുമാനങ്ങൾ , ചർച്ചയുടെ വിവരങ്ങൾ എന്നിവ ശരിയായി രേഖപ്പെടുത്തിയിട്ടില്ല. ക്വാറം തികയാതെയും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായും കാണുന്നു.

• ഏതാനും പ്രൊജക്ട് നിർദേശങ്ങൾ രേഖപ്പെടുത്തിയതല്ലാതെ പ്രൊജക്ട് തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായ യാതൊരു പങ്കും വഹിച്ചതായി കാണുന്നില്ല.

• പ്രൊജക്ട് സംബന്ധിച്ച് പഠനം നടത്തുകയോ ആവശ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകുകയോ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

• വർക്കിംഗ് ഗ്രൂപ്പുകൾ ഒന്നും തന്നെ മുൻ പഞ്ചവത്സര കാലയളവിലെ പ്രൊജക്ടുകൾ അവലോകനം ചെയ്ത് സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

• സ്ഥാപനം നടപ്പാക്കുന്ന പ്രൊജക്ടുകളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണെങ്കിലും പ്രസ്തുത ചുമതലയും നിറവേറ്റിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

• പദ്ധതി സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായും സ്റ്റേക്ക് ഹോൾഡർമാരുമായും കൂടിയാലോചന നടത്തിയതിന്റെ മിനുട്സ് , തീരുമാനങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

• 2019-20 വർഷത്തേക്കുള്ള വികസന സെമിനാർ 05.12.2018 ന് നടത്തിയിട്ടുണ്ടെങ്കിലും പദ്ധതി സംബന്ധിച്ച് നടത്തിയ ചർച്ചയുടെ വിശദ വിവരങ്ങൾ, നിർദേശങ്ങൾ ,തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

പ്രൊജക്ട് തയ്യാറാക്കുന്നതിൽ മാർഗ്ഗരേഖ പൂർണ്ണമായും പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (17/2019-20) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3066 | 869872 | 872938 | 584299 | 288639 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 12212466 | 12212466 | 12212466 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ (എണ്ണം) |
|---|---|---|
| തൊഴിൽരഹിത വേതനം | 436920 | 345 |
| കർഷകതൊഴിലാളി പെൻഷൻ | 2997000 | 451 |
| വിധവാപെൻഷൻ | 4253400 | 706 |
| വാർദ്ധക്യകാല പെൻഷൻ | 5799000 | 961 |

| | | |
|---|---|---|
| ഭിന്നശേഷി പെൻഷൻ | 1678100 | 274 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 114600 | 19 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-03-2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 36294/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1 സ്റ്റോക്ക് രജിസ്റ്റർ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2 സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ടാപ്പ് രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.
3. മാന്വൽ രസീതുബുക്ക് ഉപയോഗത്തിൽ കൃത്യമായ സൂപ്പർവിഷൻ നടക്കുന്നില്ല. ക്യാൻസൽ ചെയ്യുന്ന രസീതുകളിൽ മിക്കവയിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തുന്നില്ല.
5.തപാൽ കൈപ്പറ്റുമ്പോൾ ഫ്രണ്ട് ഓഫീസ് ഡിസ്ട്രിബ്യൂഷ്യൻ രജിസ്റ്ററുകളിൽ പല സെക്ഷനുകളും തിയതി രേഖപ്പെടുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.12.21-23.12.21 | 04/2021മുതൽ11/21വരെ | 23.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.08.2010-28.08.2010 | 2004-05മുതൽ 2009-10 വരെ | 03.08.2010 |

## 1-11 വാർഷിക ധനകാര്യ പത്രിക-അപാകതകൾ.

ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി - ട്രേഡേഴ്സ് ഇനത്തിൽ രജിസ്റ്റർ പ്രകാരം 397010/- രൂപയാണ് ഡിമാന്റും കളക്ഷനും. എന്നാൽ വാർഷിക കണക്ക് പ്രകാരം 476510/- രൂപയാണ്(211600-Advance+264910 Current) കളക്ഷൻ. 79500/- രൂപ വ്യത്യാസം കാണുന്നു. B15 ഷെഡ്യൂളിൽ ഈയിനത്തിൽ 2500/-രൂപ മാത്രമാണ് രേഖപ്പെടുത്തികാണുന്നത്.

2) തൊഴിൽ നികുതി -ജീവനക്കാർ ഇനത്തിൽ രജിസ്റ്റർ പ്രകാരം 666800/-രൂപയാണ് ഡിമാന്റും കളക്ഷനും. എന്നാൽ വാർഷിക കണക്ക് പ്രകാരം കളക്ഷൻ തുക 653050 രൂപയാണ്. 13570 രൂപയുടെ വ്യത്യാസം കാണുന്നു.

3) ലൈസൻസ് ഫീസ് ഇനത്തിലെ കളക്ഷൻ തുക AFS, രജിസ്റ്റർ എന്നിവയിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.(2018-19 AFS B9ഷെഡ്യൂൾ പ്രകാരം 238450 രൂപ അഡ്വാൻസ് കളക്ഷനുണ്ട്)

| കളക്ഷൻ | |
|---|---|
| രജിസ്റ്റർ പ്രകാരം | AFS പ്രകാരം |
| 179850 | 335850 |

രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

4) വാർഷിക കണക്ക് പ്രകാരം കെട്ടിട പെർമിറ്റ് ഫീസ് ഇനത്തിൽ 139944/- രൂപയും റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 87332/-രൂപയും ഡിമാന്റും കളക്ഷനുമുണ്ട്. രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

5) വാർഷിക കണക്ക് പ്രകാരം വാടകയിനത്തിൽ 5952/- രൂപ കളക്ഷനുണ്ട്. എന്നാൽ രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

6) വാർഷിക കണക്ക് പ്രകാരം 1127734 രൂപയാണ് ലോൺ ഇനത്തിൽ വരവ്. എന്നാൽ രജിസ്റ്റർ പ്രകാരം 547734/- രൂപയാണ് വരവ്. സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ Rp 32, B5 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

7) സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കുകളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

8) ലേലം രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.(Rs.9550/-)

9) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം |
| തൻവർഷം | 3731677 | 3530091 | 3476737 | 3300178 | 241016 | 219571 |
| കുടിശ്ശിക | 185748 | 137380 | 62390 | 58506 | 124273 | 116279 |

10) ഓഡിറ്റ് റിക്കവറി ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 16920/- രൂപ വരവുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ തൻവർഷം വരവുള്ളതായി രേഖപ്പെടുത്തുകയോ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

11) സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ഇനത്തിൽ 600 രൂപ വരവുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

12) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

13) B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതികൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 700000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 12750/- രൂപയും നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തിൽ ലഭ്യമായ ബ്ലോക്ക് വിഹിതത്തിൽ നീക്കിയിരിപ്പില്ലാത്തതിനാൽ മേൽ തുകകൾ ഏതൊക്കെ വർഷങ്ങളിലെ നീക്കിയിരിപ്പാണ് എന്നത് വ്യക്തമാക്കേണ്ടതാണ്.

14) ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

15) അഡ്വാൻസ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

16) B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-ഐ സി ഡി എസ് (Rs.683219/-) തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകയുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

17) ബാങ്ക് റീകൺസിലേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കിയിട്ടുണ്ടെങ്കിലും, സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

18) ജലനിധി അക്കൗണ്ടിന്റെ ഏപ്രിൽ 2019 മുതൽ നവംബർ 2019 വരെയുള്ള കാലയളവിലെ ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

19) മുൻ വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റ് പെർഫോമയിൽ ലഭ്യമാക്കിയിട്ടില്ല.

20) ACR/AFS, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വികസന ഫണ്ട് ജനറൽ - ചെലവ് , നീക്കിയിരിപ്പ് തുകകൾ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. സോഴ്സ് ഡിഡക്ഷൻ പ്രകാരമുള്ള ചെലവിന്റെ വിവരം ലഭ്യമാക്കാത്തതിനാൽ മേൽ വ്യത്യാസം പരിശോധിക്കാൻ കഴിഞ്ഞില്ല.

| ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രാകരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രാകരം |
| 8219334 | 7465316 | 1662648 | 2416666 |

21) ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം CSS, SSS ഗ്രാന്റുകളിൽ വരവില്ല. എന്നാൽ ചുവടെ ചേർത്ത പ്രകാരം ചെലവും, നെഗറ്റീവ് നീക്കിയിരിപ്പും കാണുന്നു .

| CSS ഗ്രാന്റ് | | SSS ഗ്രാന്റ് | |
|---|---|---|---|
| ചെലവ് | നീക്കിയിരിപ്പ് | ചെലവ് | നീക്കിയിരിപ്പ് |
| 1117069 | -1117069 | 1554000 | -1554000 |

22) വാർഷിക കണക്ക് പ്രകാരം Liability In Respect Of Stale Cheque ഇനത്തിൽ 356648/- രൂപയുടെ ബാധ്യതയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ലഭ്യമാക്കിയ ലഡ്ജർ പ്രകാരം 2014 മാർച്ച് മാസം മുതലുള്ള വിവിധ ചെക്കുകൾ പ്രകാരമുള്ള തുകയാണ് ഇത് എന്ന് കാണുന്നു. മേൽ തുകയിൽ ചെക്ക് അനുവദിച്ചിട്ട് മൂന്ന് വർഷത്തിലധികമായവ പ്രകാരമുള്ള തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതായി കാണുന്നില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 06/2019-20/23.03.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2019-20സാമ്പത്തിക വർഷത്തെ ലൈസൻസ് അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ
ചുവടെ ചേർക്കുന്നു.

1. ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ്
നൽകൽ) ചട്ടങ്ങളിൽ 31-10-2017 ലെ ഭേദഗതി പ്രകാരം സ്ഥാപനങ്ങൾക്ക് അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ്
ലൈസൻസ് ഫീസ് കണക്കാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2019-20സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച അപേക്ഷകൾ
പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് /സ്ഥാപനം | ലൈസൻസ് നമ്പർ | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | കൃഷ്ണൻ,പലചരക്ക് കച്ചവടം | 200/17.06.19 | 200 |
| 2 | ഹാജറ ഒ<br>പെട്രോൾ ഡീസൽ ഓയിൽ എന്നിവ സ്റ്റോക്ക് ചെയ്തു വിൽപന നടത്തുന്നതിന് | 236/20.07.19 | 4000 |
| 3 | ഉബൈദുല്ല, സ്പെയർ പാർട്സ് കട നടത്തുന്നതിന് | 201/28-06-2019 | 300 |
| 4 | അബ്ദുൾ മനാഫ്.എ.കെ., ഫർണിച്ചർ നിർമ്മാണം | 225/01-08-2019 | 500 |

മൂലധന നിക്ഷേപം എത്രയെന്ന് രേഖപ്പെടുത്താത്തതിനാൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് നിശ്ചയിച്ചത് എപ്രകാരമെന്ന് അപേക്ഷയിൽ നിന്നും വ്യക്തമല്ല.

2. മെഷീൻ റണ്ണിംഗ് ഫീസ് ഈടാക്കിയില്ല .

ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ 1996 -ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനു ചുമത്താവുന്ന പരമാവധി ഫീസ് എത്രയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചില അപേക്ഷകൾക്ക് ചട്ടപ്രകാരമുള്ള മെഷീൻ റണ്ണിംഗ് ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | അപേക്ഷകന്റെ പേര്/സ്ഥാപനം | ലൈസൻസ് നമ്പർ | ലൈസൻസ് അപേക്ഷ പ്രകാരം യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ട മെഷീൻ റണ്ണിംഗ് ഫീസ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | ചോല ശിഹാബുദ്ധീൻ 26 Hp ഉപയോദഗിച്ച് ലോൺട്രി യൂണിറ്റ് നടത്തുന്നതിന് | 28/26.03.19 | 26 Hp | 300 | |
| 2 | റഷാദ് പി ക്വാളിറ്റി ടയേർസ് &റീ ട്രേഡ്സ് | 69/09.04.19 | 66 Hp | 1000 | Pollution Control Board Consent ൽ 66 Hp ഉപയോഗം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. |

മേൽ അപാകതകൾക്ക് വിശദീകരണം ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( 23/19-20/ 30.03.22) ക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ലൈസൻസ് അപേക്ഷകളിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നുണ്ട് എന്നും കൃത്യമായ ലൈസൻസ് ഫീസ് ആണ് ഈടാക്കുന്നത് എന്നും ഉറപ്പുവരുത്തേണ്ടതാണ്. മെഷീൻ റണ്ണിംഗ് ഫീസ് ഈടാക്കുവാനുള്ളത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി വിജ്ഞാപന ഭേദഗതി നടപ്പിൽ വരുത്തിയിട്ടില്ല.

സ ഉ(അ) 36/2015/തസ്വഭവ തിയതി 24/02/2015 പ്രകാരം വസ്തു നികുതി നിർണ്ണയത്തിന് ബാധകമായ കെട്ടിടങ്ങളുടെ ഗണത്തിൽ 1) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2)വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് ഉറപ്പിന്റെ (അണ്ടർടൈക്കിംഗ്) അടിസ്ഥാനത്തിൽ നിരക്ക്, 3) മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ്, ഡവലപ്പ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4) ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ എന്നിവയും കൂടി ഉൾപ്പെടുത്തി ഭേദഗതി വിജ്ഞാപനം ചെയ്തിട്ടിണ്ട്.

ഗ്രാമപഞ്ചായത്തിൽ മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ്, ഡവലപ്പ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ എന്ന ഗണത്തിനു മാത്രമാണ് ഭേദഗതി പ്രകാരമുള്ള നികുതി നിരക്ക് നിശ്ചയിച്ചയിച്ചിട്ടുള്ളത് .

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ഭേദഗതി പൂർണ്ണമായും ഗ്രാമപഞ്ചായത്തിൽ നടപ്പിൽ വരുത്താത്തതിനു വിശദീകരണം ഹാജരാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറി ( 14/26.03.22)ക്ക് അവശേഷിക്കുന്ന ഭേദഗതി വിജ്ഞാപനം അടുത്ത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അംഗീകാരത്തിനു സമർപ്പിച്ച് തീരുമാന പ്രകാരമുള്ള നികുതി വിവരങ്ങൾ വിജ്ഞാപനം ചെയ്യുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭേദഗതി നടപ്പിൽ വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-14 നൂതന (Innovative) പ്രൊജക്റ്റ് അംഗീകാരം - രേഖകൾ ഹാജരാക്കേണ്ടതാണ്.

പ്രൊജക്റ്റ് പേര് - പൊതുവിദ്യഭ്യാസ യജ്ഞം (25/20 & 28/20)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ
ചെലവ് – 90000(ജനറൽ), 60000(എസ് സി)

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിൽ നൂതന (Innovative) പ്രൊജക്റ്റുകളുടെ ഭാഗമായി പൊതുവിദ്യഭ്യാസ യജ്ഞം ജനറൽ, പൊതുവിദ്യഭ്യാസ യജ്ഞം എസ് സി എന്ന പേരിൽ പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പ്രൈമറി വിദ്യഭ്യാസം മെച്ചപ്പെടുത്തുന്നതിനും സ്കൂളുകളിലെ ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് മാസാന്ത വായന/ ക്വിസ് മത്സരങ്ങൾ നടത്തുകയും പരിശീലനങ്ങൾ നൽകുകയും ശേഷം പഞ്ചായത്ത് തലത്തിൽ പുസ്തകങ്ങളുമായി ബന്ധപ്പെട്ട മെഗാ ക്വിസ് മത്സരങ്ങൾ നടത്തി വിജയികളാവുന്ന എൽപി/ യു പി വിഭാഗത്തിലെ കുട്ടികൾക്ക് വീട്ടിൽ ഒരു ലൈബ്രറി (അലമാരയും പുസ്തകങ്ങളും) സജ്ജീകരിച്ച് നൽകുകയും പരിശീലനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് (ജനറൽ & എസ് സി)സർട്ടിഫിക്കറ്റും ലഘുഭക്ഷണവും നൽകൽ, കൂടാതെ ഇംഗ്ലീഷ് ഭാഷാ പരിപോഷണത്തിനു ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുകയും ചെയ്യുതാണ് പ്രസ്തുത പ്രൊജക്റ്റുകൾ വഴി നടപ്പിലാക്കിയത്. പ്രൊജക്റ്റുകളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-14-1 പൊതുവിദ്യഭ്യാസ യജ്ഞം (ജനറൽ )

പ്രൊജക്റ്റ് നം 25/20

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

ചെലവ് -90000(തനത് ഫണ്ട്)(60000/-cheque No.2841508 Dated 10-03-2020 &30000- Cheque No.2841513 Dated 11-03-2020)

ബിൽ നം. 19150952024701376659 തീയതി 29-02-2020 -14400/-
19150952024701376657 തീയതി 29-02-2020 -45600/-

മേൽ തുക ഉപയോഗിച്ച് ക്വിസ് മത്സരത്തിൽ വിജയികളായ എൽ പി , യു പി യിലെ 3 വീതം കുട്ടികൾക്ക് അലമാരയും (24600/-) പുസ്തകങ്ങളും വാങ്ങുന്നതിനും(15400/-) ഇംഗ്ലീഷ് ഫെസ്റ്റ്(15400/-) (30000/-) മറ്റുചെലവുകൾ(20000/-) എന്നിവയ്ക്കാണ് ചെലവഴിച്ചത്.

നൂതന പ്രൊജക്റ്റുകളുടെ അംഗീകാരത്തിനായി പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ.(കൈ) നം 11/2018/ത.സ്വ.ഭ.വ തിയതി 29-01-18 ) ഖണ്ഡിക 3.8.4 പ്രകാരം ജില്ലാകളക്ടർ അദ്ധ്യക്ഷനായുള്ള ഒരു സമിതിയാണ് ഇത്തരം പ്രൊജക്ടുകൾ വിലയിരുത്തി അംഗീകാരം നൽകേണ്ടത്. പ്രൊജക്റ്റ് സംബന്ധിച്ച സമിതിയുടെ പ്രോജകട് വിഭാവനം ചെയ്യുന്ന നൂതനാശയം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആവശ്യകത, നിർദ്ദേശിക്കുന്ന ചെലവും സബ്സിഡിയും നീതീകരിക്കുന്നതിനുള്ള യുക്തിയും മിനുട്സിൽ രേഖപ്പെടുത്തേണ്ടതുമാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രൊജക്റ്റുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ഇത്തരത്തിലുള്ള രേഖകളോ പ്രൊജക്റ്റ് അംഗീകരിച്ചതിന്റെ മിനുട്സിന്റെ പകർപ്പോ സൂക്ഷിച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/24.03.22) ഡി പിസി യിൽ നിന്നും 17.09.19 ലെ മീറ്റിംഗ് തീരുമാനപ്രകാരം പ്രസ്തുത പ്രൊജക്റ്റ് അംഗീകരിച്ചതാണെന്നും മിനുട്സിന്റെ കോപ്പി ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങൾ നൂതന പ്രൊജക്റ്റുകൾ നടപ്പിലാക്കുമ്പോൾ പ്രൊജക്റ്റിന്റെ ആവശ്യകത ഉറപ്പുവരുത്തേണ്ടതും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14-2 പൊതുവിദ്യഭ്യാസ യജ്ഞം (എസ് സി)

പൊതുവിദ്യഭ്യാസ യജ്ഞം എസ് സി
പ്രൊജക്റ്റ് നം 28/20
നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ
ചെലവ് -60000(എസ് സി പി)
മേൽ തുക ഉപയോഗിച്ച് ക്വിസ് മത്സരത്തിൽ വിജയികളായ എൽ പി , യു പി യിലെ എസ് സി വിഭാഗത്തിൽപ്പെട്ട 3 വീതം കുട്ടികൾക്ക് അലമാരയും (24600/-) പുസ്തകങ്ങളും വാങ്ങുന്നതിനും(21000/-) മറ്റുചെലവുകൾ(14400/-) എന്നിവയ്ക്കാണ് ചെലവഴിച്ചത്.

നൂതന പ്രൊജക്റ്റുകളുടെ അംഗീകാരത്തിനായി പദ്ധതി മാർഗ്ഗരേഖയിലെ [സ.ഉ. നം(കൈ) 11/2018 തിയതി 29-01-18 ] ഖണ്ഡിക 3.8.4 പ്രകാരം ജില്ലാകളക്ടർ അദ്ധ്യക്ഷനായുള്ള ഒരു സമിതിയാണ് ഇത്തരം പ്രൊജക്ടുകൾ വിലയിരുത്തി അംഗീകാരം നൽകേണ്ടത്. പ്രൊജക്റ്റ് സംബന്ധിച്ച സമിതിയുടെ പ്രോജകട് വിഭാവനം ചെയ്യുന്ന നൂതനാശയം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആവശ്യകത, നിർദ്ദേശിക്കുന്ന ചെലവും സബ്സിഡിയും നീതീകരിക്കുന്നതിനുള്ള യുക്തിയും മിനുട്സിൽ രേഖപ്പെടുത്തേണ്ടതുമാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രൊജക്റ്റുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ഇത്തരത്തിലുള്ള രേഖകളോ പ്രൊജക്റ്റ് അംഗീകരിച്ചതിന്റെ മിനുട്സിന്റെ പകർപ്പോ സൂക്ഷിച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/24.03.22) ഡി പിസി യിൽ നിന്നും 17.09.19 ലെ മീറ്റിംഗ് തീരുമാനപ്രകാരം പ്രസ്തുത പ്രൊജക്റ്റ് അംഗീകരിച്ചതാണെന്നും മിനുട്സിന്റെ കോപ്പി ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങൾ നൂതന പ്രൊജക്റ്റുകൾ നടപ്പിലാക്കുമ്പോൾ പ്രൊജക്റ്റിന്റെ ആവശ്യകത ഉറപ്പുവരുത്തേണ്ടതും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 മരുന്ന് ലഭ്യമായിട്ടില്ല(ഹോമിയോ )

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്റ്റ് (13/20) പ്രകാരം 160000/- രൂപ ഹോംകോ ആലപ്പുഴ -ക്ക് ബിൽ നം 42/31.03.2020 പ്രകാരം (തനത് ഫണ്ട് ) നൽകിയിട്ടുണ്ട്.
എന്നാൽ തുക നൽകി രണ്ട് വർഷം ആയിട്ടും മരുന്ന് ലഭ്യമാകുകയോ സ്റ്റോക്കിൽ എടുക്കുകയോ ചെയ്തിട്ടില്ല. നാളിതുവരെയായിട്ടും മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം ഹാജരാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറി ( 16/26.03.22)ക്ക് മരുന്ന് ലഭ്യമാകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് എത്രയും പെട്ടെന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-16 ഭിന്നശേഷി കലാ മേള-ചെലവുകൾക്ക് ക്വട്ടേഷൻ ക്ഷണിച്ചില്ല

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി നം. : 95/19-20 ഭിന്നശേഷിക്കാരുടെ കലാമേള

അടങ്കൽ: : 75000/-(₹5300-വികസന ഫണ്ട്-ജനറൽ+₹69700-തനത് ഫണ്ട്)

ചെലവ് വിവരം : 75000/-(₹5300-ബിൽ നം.15/06/03.20, ₹69700-ചെക്ക് നം. 2841504/25.02.2020 TSB)

ചെലവ് തുക, 07.02.2020ന് പരിപാടി നടത്തുന്നതിനായി ചേർന്ന കൂടിയാലോചന യോഗത്തിൽ പരിപാടിയുടെ കൺവീനറായി തെരഞ്ഞെടുക്കപ്പെട്ട (11.03.2020ലെ 7/5 ഭരണ സമിതി തീരുമാനം) ശ്രീ. അബ്ദുൽ നാസർ എം.ടി എന്നവർക്ക് നൽകി ടിയാൻ ചെലവഴിക്കുകയാണ് ചെയ്തത്. ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം, ബിൽ നമ്പർ | തുക | ഉദ്ദേശം |
|---|---|---|---|
| 1 | MP സൗണ്ട്സ്- 72/15.03.20 | 29600/- | ലൈറ്റ്, സൗണ്ട്, പന്തൽ |
| 2 | കൊല്ലേട്ട് സ്റ്റോർ- 101,103, 104/15.02.20 | 13760/- | ഭക്ഷണ സാധനങ്ങൾ |
| 3 | സി-സൈൻ- 1022/15.02.20 | 2475/- | ഫ്ലക്സുകൾ |
| 4 | GKS ചിക്കൻ സ്റ്റാൾ-288/15.02.20 | 6300/- | ചിക്കൻ |
| 5 | ദിയ ഏജൻസീസ്- 282/15.02.20 | 300/- | കുടിവെള്ളം |
| 6 | ഹാദിയ ഫാൻസി-156/15.02.20 | 22680/- (84x270) | 84വാട്ടർ ബോട്ടിലുകൾ വാങ്ങിയത് |
| 7 | കാക്കശ്ശേരി ഫാൻസി- 1849/15.2.20 | 120/- | സ്റ്റേഷനറി സാധനങ്ങൾ |
| ആകെ | | 75235/- (Rounded@ 75000/-) | |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എന്നാൽ പദ്ധതി പ്രകാരമുള്ള, മേൽ പട്ടികയിലെ ക്രമനം 1 ,2, 4, 6 എന്നീ 5000 രൂപയിൽ കൂടുതലുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 20/2019-20/30.03.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 പരിരക്ഷ വാഹനം ക്വട്ടേഷൻ അപാകത

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-പി.എച്ച്.സി

പദ്ധതി : 66/2019-20 പരിരക്ഷ

ഗ്രാമപഞ്ചായത്തിലെ പരിരക്ഷ പദ്ധതി ആവശ്യത്തിനായി വാഹനം വാടകക്ക് എടുക്കുന്നതിന് പി.എച്ച്.സി MO 06.03.2019ന് 59/ 19 നമ്പറായി ക്വട്ടേഷൻ നോട്ടീസ് പുറപ്പെടുവിച്ചു. ആഴ്ചയിൽ 4 ദിവസം വാഹനം ഓടുന്നതിന് ക്വട്ടേഷൻ

ക്ഷണിച്ചതിൽ, കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ രേഖപ്പെടുത്തിയതും ഒരു ദിവസത്തേക്ക് 1000 രൂപ നിരക്ക് രേഖപ്പെടുത്തിയതുമായ ശ്രീ. മുഹമ്മദ് ഷരീഫ് കെ.ഇ എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ച് ( ഇത് സംബന്ധിച്ച ഭരണ സമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല) ടിയാന്റെ KL10 AL 3145 നമ്പർ വാഹനം വാടകക്ക് എടുത്ത് 2019-20 വർഷത്തിൽ പരിരക്ഷ ഹോം കെയറിനായി ഓടിയിട്ടുണ്ട്.

വാഹനത്തിന്റെ വിശദാംശങ്ങൾ പരിവാഹൻ വെബ്സൈറ്റിൽ പരിശോധിച്ചതിൽ ടി വാഹനം ടാക്സി വാഹനമല്ല , പ്രൈവറ്റ് വാഹനമാണ് എന്നും, ഇത് , RTO മലപ്പുറത്തിന്റെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെട്ട വാഹനമാണെന്നും വാഹനത്തിന്റെ ഫിറ്റ്നസ്സ്, ഇൻഷൂറൻസ്, പെർമിറ്റ്, പൊലൂഷൻ തുടങ്ങിയ രേഖകളൊന്നും തന്നെ വാലീഡ് അല്ല എന്നും വർഷങ്ങൾക്ക് മുൻപ് കാലാവധി അവസാനിച്ചതാണെന്നും കണ്ടു.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 25/2020-21/31.03.2022 ന് മറുപടി ലഭ്യമായിട്ടില്ല. ഭരണ സമിതി തീരുമാനം ലഭ്യമാക്കേണ്ടതും, വാലീഡായ/മതിയായ രേഖകളില്ലാത്ത സ്വകാര്യ വാഹനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് വാടക നൽകി വാഹനം ഉപയോഗിച്ചതുൾപ്പടെയുള്ള അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-18 മെഡിക്കൽ ഓഫീസർ-PHC, വിവിധ പദ്ധതി ചെലവ് - സ്റ്റോക്ക് അപാകതകൾ

മെഡിക്കൽ ഓഫീസർ PHC-യുടെ 2019-20 സാമ്പത്തിക വർഷത്തിലെ വിവിധ പദ്ധതി ചെലവുകൾ പരിശോധിച്ചതിൽ, വിവിധ പദ്ധതികൾ പ്രകാരം ലഭ്യമായ ഉപകരണങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത് പരിപാലിക്കുന്നില്ല എന്ന് കണ്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വൗച്ചർ നം/തിയതി | തുക | പദ്ധതി , ഉദ്ദേശം | അപാകതകൾ |
|---|---|---|---|---|
| 1 | 06/19-20 /22.01.2020 | 135759 – M.F Non Road | 75/19-20, PHC സബ്സെന്ററുകളിലേക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ. 3 പ്രിന്ററുകൾ, 3ഡെസ്കടോപ്പ് കംപ്യൂട്ടറുകൾ വാങ്ങിയത്- കെൽട്രോൺ-5 വർഷ വാറണ്ടി. | സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കംപ്യൂട്ടറുകളിൽ സ്റ്റോക്ക് നമ്പറോ പദ്ധതി വിശദാംശങ്ങളോ രേഖപ്പെടുത്തിയതായോ ഉപകരണങ്ങളുടെ വാറണ്ടി വിവരങ്ങൾ സ്റ്റോക്കിൽ രേഖപ്പടുത്തിയതായോ ഉള്ള വിവരം ലഭ്യമല്ല. വാറണ്ടി വിവരങ്ങൾ സ്റ്റോക്ക്/രജിസ്റ്ററിൽ രേഖപ്പെടുത്താതിരുന്നാൽ വാറണ്ടി കാലയളവിൽ / സ്ഥാപിച്ച ഉടനെ തന്നെ ഉപകരണങ്ങൾ കേടായാൽ വാറണ്ടി ഉള്ളതാണോ എന്നത് അറിയാതെ പോകുകയും, കേടായ ഭാഗം മാറ്റി പുതിയത് സ്ഥാപിക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്യാൻ ഇട വരുന്നു. ഇത് കണ്ടിജന്റ് ചെലവിലെ അധിക ചെലവിലേക്ക് വഴി വെക്കുന്നതാണ്. |
| 2 | 25/19-20 /30.03.2020 | 47570 - M.F Non Road | 79/19-20, PHC-യിലേക്ക് ഫർണ്ണിച്ചറുകൾ വാങ്ങൽ. 3 കംപ്യൂട്ടർ ടാബിൾ, 4 സ്റ്റീൽ കാബിനറ്റ് എന്നിവ വാങ്ങിയത്- സിഡ്കോ | സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഫർണ്ണിച്ചറുകളിൽ സ്റ്റോക്ക് നമ്പറോ പദ്ധതി വിശദാംശങ്ങളോ രേഖപ്പെടുത്തിയതായുള്ള വിവരവും ലഭ്യമല്ല. |

ഉപകരണങ്ങളിൽ സ്റ്റോക്ക് നമ്പറോ പദ്ധതി വിശദാംശങ്ങളോ രേഖപ്പെടുത്താതിരിക്കുന്നത് വഴി ഏത് പദ്ധതി പ്രകാരം ലഭ്യമായ കംപ്യൂട്ടറാണ് സ്റ്റോക്കിലുള്ളത് എന്നത് ഉറപ്പ് വരുത്താനാവില്ല. കംപ്യൂട്ടർ / ഇലക്ട്രോണിക് മറ്റ് ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് രജിസ്റ്റർ/മൂവബിൾ അസ്സറ്റ് രജിസ്റ്റർ പ്രകാരമുള്ള നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തി, രജിസ്റ്ററിൽ ഓരോ കംപ്യൂട്ടറുകൾക്കും / ഉപകരണങ്ങൾക്കും പ്രത്യേക പേജുകൾ അനുവദിച്ച് അതാത് കംപ്യൂട്ടറുകൾ/ഉപകരണങ്ങൾ റിപ്പയർ/പാർട്സ് മാറ്റി വെക്കൽ നടത്തുമ്പോൾ ആ വിവരവും മാറ്റി വെക്കപ്പെട്ട ഉപകരണത്തിന്റെ വാറണ്ടി വിവരവും ടി പേജുകളിൽ രേഖപ്പെടുത്തുകയും ചെയ്യുന്ന രീതി അവലംബിച്ചാൽ മേൽ പരാമർശിച്ച തരത്തിലുള്ള അധിക ചെലവുകൾ ഒഴിവാക്കാവുന്നതും ചെലവ് തുകക്കുള്ള പ്രയോജനം ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതുമാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 22/2019-20/30.03.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 ചെലവ് തുകക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായില്ല

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-പി.എച്ച്.സി

പദ്ധതി : 68/2019-20 പി.എച്ച്.സി-യിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ: : 1,50,000/-മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്

ചെലവ് വിവരം : 1,50,000/- , ബിൽ നമ്പർ 10/19-20/13.01.2020

ചെലവ് തുക വിവിധ മരുന്നുകൾ ലഭ്യമാക്കുന്നതിനായി പ്രൊഫോമ ഇൻവോയ്സ് നം. PRF3258/16.12.2020 ന്റെ അടിസ്ഥാനത്തിൽ കെ.എം.എസ്.സി.എൽ-ന് നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത ഇൻവോയ്സ് നമ്പറുകൾ പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായത്.

| ക്രമ നം | ഇൻവോയ്സ് നം/തിയ്യതി | തുക |
|---|---|---|
| 1 | 51/06.04.2020 | 15468 |
| 2 | 3447/30.05.2020 | 32782 |
| 3 | 766/30.05.2020 | 3252 |
| 4 | 155/06.04.2020 | 26804 |
| 5 | 30091/06.02.21 | 3253 |
| 6 | 2189/01.02.21 | 1901 |
| 7 | 29857/01.02.21 | 27161 |
| 8 | 2549/02.03.21 | 4244 |
| ആകെ | | 114865 |

ശേഷിക്കുന്ന 35135/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 21/2020-21/30.03.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 35135/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 കുടിവെള്ള പദ്ധതികൾ - മാർഗ്ഗരേഖ പാലിക്കാതെ നടപ്പാക്കി

ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ (GO(MS) 22/2018 Dt 14.02.2018 ) പ്രകാരം കുടിവെള്ള പദ്ധതികളുടെ സംരക്ഷണവും തുടർ നടത്തിപ്പും ഗുണഭോക്തൃ സമിതികൾ തന്നെ ഏറ്റെടുക്കേണ്ടതാണ് എന്നും അങ്ങനെ വ്യവസ്ഥചെയ്യുന്നതിന് ശേഷം കരാറിൽ ഏർപ്പെട്ട ശേഷമേ കുടിവെള്ള പ്രൊജക്റ്റുകളുടെ നിർവഹണം ഏറ്റെടുക്കാവൂ എന്നും നിർദ്ദേശിച്ചതാണ്. എന്നാൽ 50000 രൂപയിൽ അധികരിച്ച് വരുന്ന അറ്റകുറ്റപ്പണികൾ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ് എന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി പ്രവൃത്തികൾ സബ്സിഡി മാർഗ്ഗരേഖയിലെ മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് ഏറ്റെടുത്തത് എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | മൂല്യ നിർണ്ണയം | കുറിപ്പ് |
|---|---|---|
| ഉമ്മരപ്പാറ പൊതുകിണർ കിടിവെള്ള പദ്ധതി പുനരുദ്ധാരണം ( 160/20) | 167876 | *വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാണ് പ്രൊജക്റ്റ് തയ്യാറാക്കിയത്.<br>*പദ്ധതിയുടെ ഗുണഭോക്തൃ സമിതിയുടെ വിവരം ലഭ്യമല്ല.<br>*പ്രവൃത്തി നടത്തണം എന്ന് ഗുണഭോക്തൃ സമിതി പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടില്ല.<br>*പദ്ധതി പ്രവർത്തനക്ഷമമാണോ എന്ന വിവരവും ഫയലിൽ ലഭ്യമല്ല. |
| വടക്കേപറമ്പ് കുർങ്ങാട്ടീരി കുടിവെള്ളപദ്ധതി പുനരുദ്ധാരണം(316/20 ) | 66386 | *വാട്ടർ ടാങ്ക് പുനരുദ്ധാരണത്തിനാണ് പ്രൊജക്റ്റ് തയ്യാറാക്കിയത്.<br>*പദ്ധതിയുടെ ഗുണഭോക്തൃ സമിതിയുടെ വിവരം ലഭ്യമല്ല.<br>*പ്രവൃത്തി നടത്തണം എന്ന് ഗുണഭോക്തൃ സമിതി പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടില്ല.<br>*പദ്ധതി പ്രവർത്തനക്ഷമമാണോ എന്ന വിവരവും ഫയലിൽ ലഭ്യമല്ല. |
| പള്ളിക്കടവ് കുടിവെള്ള പദ്ധതി പമ്പ് ഹൗസ് ( 259/20 ) | 171548 | *കുടിവെള്ള പദ്ധതി പമ്പ് ഹൗസ് നിർമ്മിക്കുന്നതിനാണ് പ്രൊജക്റ്റ് |

| | | |
|---|---|---|
| | | *പദ്ധതിയുടെ ഗുണഭോക്തൃ സമിതിയുടെ വിവരം ലഭ്യമല്ല.<br>*പ്രവൃത്തി നടത്തണം എന്ന് ഗുണഭോക്തൃ സമിതി പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടില്ല.<br>*പദ്ധതി പ്രവർത്തനക്ഷമമാണോ എന്ന വിവരവും ഫയലിൽ ലഭ്യമല്ല. |

കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പ് ഗുണഭോക്തൃ കമ്മിറ്റികളെ ചുമതലപ്പെടുത്തണം എന്ന് സർക്കാർ നിർദ്ദേശിച്ചതിനാൽ നിലവിലുള്ള കുടിവെള്ള പദ്ധതികൾക്ക് അറ്റകുറ്റപ്പണി / വിപുലീകരണം നടത്തുമ്പോൾ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃ കമ്മിറ്റിയുടെ അറിവോടും സമ്മതത്തോടും മാത്രമെ പ്രൊജക്ട് ഏറ്റെടുത്ത് നടപ്പിലാക്കാൻ പാടുള്ളൂ. കൂടാതെ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി, ജല ലഭ്യത എന്നിവയും പരിഗണിച്ചായിരിക്കണം പ്രൊജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ തൻ വർഷം നടപ്പാക്കിയ മേൽ പദ്ധതികളിൽ ഇക്കാര്യങ്ങളൊന്നും പരിഗണിക്കാതെയാണ് പ്രൊജക്ട് നടപ്പാക്കിയത്.

മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതികൾ നടപ്പാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതും, മേൽ പ്രവൃത്തികളുടെ ഗുണഭോക്തൃ സമിതികളുടെ വിവരം, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുള്ള വിവരവും ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ് (എൻക്വയറി നം.18/29-03-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല )

## 1-21 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അരീക്കോട് സബ് ട്രഷറിയിൽ ഉള്ള 799011400002519 നമ്പർ അക്കൗണ്ടിൽ 29.03.2022 ന് ₹ 380770 ചെലവഴിക്കാതെ അവശേഷിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI യുടെ അരീക്കോട് ശാഖയിലുള്ള 37854478710 നമ്പർ അക്കൗണ്ടിന്റെ കാലികമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് എഞ്ചിനിയർക്ക് പഞ്ചായത്തിൽ നിന്ന് അനുവദിക്കുന്നത് എന്നതിനാൽ എഞ്ചിനിയർക്ക് അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

രണ്ട് അക്കൗണ്ടുകളിലുമായി ചെലവഴിക്കാൻഅവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് ഒടുക്കുവരുത്തി വിവരം ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/22-03-2021 ) മറുപടി ലഭ്യമായിട്ടില്ല.

## 1-22 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനത്തിൽ അധികരിക്കാത്ത തുക കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.5/23-3-2022) അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല

2019-20 വർഷത്തിൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (5/23-3-22 ) അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട പണം നാളിതുവരെ ലഭിക്കാത്തതിന് കാരണം .

സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-24 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

പഞ്ചായത്തിൽ തൻവർഷം മാനുവൽ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ടെണ്ടറിൽ ഉദ്യോഗസ്ഥൻ യാതൊരു സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/23-3-22)നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല

ടെണ്ടർ നടപടികളിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ക്രമക്കേടുകൾക്ക് അവസരം ഉണ്ടാക്കിതിരിക്കാനുമായി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതാണ്.

## 1-25 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2019-20 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല .

2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 180 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 82 പ്രൊജക്ടുകളിലായി ആകെ 15473917 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 180 | ആകെ അടങ്കൽ | 38029571 |
| നടപ്പിലാക്കിയത് | 82 | ചെലവ് | 15473917 |
| ശതമാനം | 45.55 | ചെലവ് ശതമാനം | 40.69 |

II-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാ നും തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III- ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽർ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽപഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. ഹാജറാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു

1)കാഷ് ബുക്ക്

2019-20 വർഷത്തെ കാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയത് പരിശോധിച്ചതിൽ കാഷ് ബുക്കിൽ വ്യക്തമായ വിവരങ്ങൾ ചേർക്കാതെയാണ് കാണപ്പെട്ടത്. ചെലവിന്റെ വ്യക്തമായ വിവരങ്ങൾ കാഷ്ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

2)ടെണ്ടർരജിസ്റ്റർ

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായി വിവരങ്ങൾ എഴുതാതെയും , അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയുമാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

VI)ഫയലുകൾ ശരിയായി സൂക്ഷിക്കുന്നില്ല.

എഞ്ചിനിയറിംഗ് വിഭാഗം ഓരോ വർഷവും നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ ഫയലുകൾ ശരിയായി സൂക്ഷിക്കുന്നില്ല. ഒരു അടിസ്ഥാനവുമില്ലാതെ വിവിധ പ്രൊജക്ട് ഫയലുകൾ കെട്ടിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്.

പ്രവൃത്തി ഫയലുകൾ കാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ ക്രമത്തിൽ പ്രത്യേകം നമ്പർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

VII)പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നില്ല

2019-20 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ വിവിധ ധനസഹായ പ്രൊജക്ടുകൾ താഴെ നൽകുന്നു

1) പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം(3/20)

2) പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് കമ്പ്യൂട്ടർ നൽകൽ (2/20)

മേൽ ആനുകൂല്യങ്ങൾ നൽകുന്നതിനനുവദിച്ച് പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിൽ ഈ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പ്രധാന നിബന്ധന ഒരിക്കൽ ആനുകൂല്യം നൽകിയവർക്ക് ആനുകൂല്യം നൽകാൻ പാടില്ല എന്നതാണ്.

2019-20 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രൊജക്ടുകൾപ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ മുമ്പ് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഉപയുക്തമാകുന്ന രീതിയിൽ മുൻവർഷങ്ങളിൽ ആനുകൂല്യങ്ങൾ നൽകിയവരുടെ വ്യക്തമായ വിവരം പഞ്ചായത്ത് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽത്തന്നെ മുൻ വർഷങ്ങളിൽ ആനുകൂല്യം നൽകിയവർക്ക് വീണ്ടും ഇത്തരം ആനുകാല്യങ്ങൾ നൽകുന്നില്ല എന്ന് നിർവഹണോദ്യോഗസ്ഥന് ഉറപ്പുവരുത്താനുമാവില്ല.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/24-03-2022) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ തൻ വർഷത്തെ ആനുകൂല്യം കൈപ്പറ്റിയവരുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തൻ വർഷത്തെ രജിസ്റ്ററിലും ഗുണഭോക്താക്കളുടെ വ്യക്തമായ വിവരം പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിൽ നിന്ന് മുൻവർഷങ്ങളിൽ വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾ കൈപ്പറ്റിയവരുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്ററുകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-27 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

2019-20 വർഷത്തിൽ ്സിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പ്രൊജക്ട് പ്രകാരം 10 ലാപ്ടോപ്പ് കമ്പ്യൂട്ടർ വിതരണം ചെയ്യുന്നതിന് ₹ 274890 കേരള സംസ്ഥാന ഐ.ടി മിഷന് നൽകിയിട്ടുണ്ട്. ( DR.No.1915095202560106165O/10.01.2020 )

എന്നാൽ കമ്പ്യൂട്ടർ വിതരണം ചെയ്ത് KELTRON ലഭ്യമാക്കിയ Invoice പ്രകാരം 10 ലാപ്ടോപ്പ് കമ്പ്യൂട്ടർ ന് ആകെ ₹ 264320 മാത്രമെ ചെലവ് വന്നിട്ടുള്ളൂ. അധികമായി നൽകിയ ₹ 10570 രൂപ തിരികെ ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വർക്ക് പ്രവൃത്തികളിലെ അപാകതകൾ.

2019-20 ൽ ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കിയ വിവിധ മെറ്റീരിയൽ പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) NREGS പ്രവൃത്തികൾക്ക് സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.03.2012 ലെ സ.ഉ(കൈ) 93/2012 നം ഉത്തരവിലെ നിർദ്ദേശപ്രകാരമല്ല വാങ്ങൽ നടത്തിയിരിക്കുന്നത്.

2) വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് സപ്ലെയർമാർ ബില്ല് സമർപ്പിച്ചിട്ടില്ല.

3) നിശ്ചിത തുകയിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്ന് GST TDS ഈടാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

4) പ്രവൃത്തികളിൽ പണം നൽകിയതിന്റെ FTO സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കാത്തതിനാലും പ്രവൃത്തി എം ബുക്കിൽ ഓരോ ഇനത്തിലും നൽകാവുന്ന തുക പ്രത്യേകമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താത്തതിനാലും തൻ വർഷത്തെ ചെലവുകളുടെ വിശദമായ പരിശോധനക്ക് സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-29 കൃഷിഭവൻ വിപണന കേന്ദ്രം - ഉപയോഗപ്പെടുത്തുന്നില്ല

2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി കൃഷിഭവൻ വിപണന കേന്ദ്രം നിർമ്മാണം ( 202/20) എന്ന പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്.

പൊതു വിഭാഗം വികസനഫണ്ട് വിനിയഗിച്ച് ഉത്പാദന മേഖലയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച ഈ പ്രൊജക്ട് പ്രകാരം വിപണന കേന്ദ്രം നിർമ്മിക്കുന്നതിന് ₹ 1173679 ചെലവഴിച്ചിട്ടുണ്ട്.
ബിൽ നം.19150952025200488775/22-8-19 -46262
19150952025200036545/5-4-19 -1127417

മേൽ പ്രൊജക്ട് പ്രകാരം നിർമ്മിച്ച വിപണന കേന്ദ്രം നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. കെട്ടിടം നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 21-03-2022 മുതൽ 22-03-2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 325452 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പഠന സഹായം 97/20 | 325452 | 0 |
| ജില്ലാ പഞ്ചായത്ത് | 414900 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പഠന സഹായം-97/20 | 414900 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | ഓത്തുപള്ളിപുറായി പോത്തൻകുന്ന് ഹൈസ്കൂൾ റോഡ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(304/20) | 32/18.03.20 | 49493 | 49493 | പൂർത്തീകരിച്ചു | 0 |
| KSEB | കല്ലായ് അംഗനവാടിയിലേക്ക് വൈദ്യുതി ലൈൻ സ്ഥാപിക്കൽ(307/20) | 22/18.01.20 | 53855 | 53855 | പൂർത്തീകരിച്ചു. | 0 |
| KSEB | മാളിയാടത്ത് ഭാഗത്തുള്ള പോസ്റ്റ് മാറ്റൽ(328/20) | 28/22.02.20 | 30000 | 30000 | പൂർത്തീകരിച്ചു. | 0 |
| KSEB | പുളിയാപറമ്പ് 4സെന്റ് കോളനിയിലെ പോസ്റ്റ് മാറ്റൽ(329/20) | 36/26.03.20 | 14426 | 14426 | പൂർത്തീകരിച്ചു. | 0 |
| KSEB | തൃക്കളയൂർ അംഗനവാടി ഭാഗത്തേക്കുള്ള പോസ്റ്റ് മാറ്റൽ(352/20) | 37/26.03.20 | 24780 | 24780 | പൂർത്തീകരിച്ചു. | 0 |
| KWA | പറയാട്ടുപറമ്പ് കോഴിപറ്റ കുന്ന് പൈപ്പ് ലൈൻ നീട്ടൽ(227/20) | 27/13.03.20 | 330000 | 330000 | പൂർത്തീകരിച്ചു. | 0 |
| KWA | കല്ലായി എരഞ്ഞിമാവ് ഭാഗത്തേക്കു പൈപ്പ് ലൈൻ സ്ഥാപിക്കൽ(273/20) | 38/26.03.20 | 50000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 50000 |
| KWA | സമഗ്ര കുടിവെള്ള പദ്ധതി രേഖ തയ്യാറാക്കൽ KWA ക്ക് തുക അടവാക്കൽ (350/20) | 26/26.03.20 | 422297 | 422297 | പൂർത്തീകരിച്ചു. | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (Sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ആകെ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി-KURDFC | G.O.(MS)No. 68/2018/LSGD തിയതി 18.05.18 | 1127734 | 1670156 | 2797890 | 294118 | 0 | 2503772 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | റസീപ്റ്റ് നമ്പർ & തിയ്യതി |
|---|---|---|---|---|
| 2017-18 | 2-6(3) | 60 | അബ്ദുൽ കരീം | 119060100177/30.04.19 |

| | | | | |
|---|---|---|---|---|
| 2017-18 | 2-6(2) | 120 | മൂസ | 119060100294/08.05.19 |
| 2017-18 | 2-6 | 240 | മുഹമ്മദ് എംടി | 119060100526/10.06.19 |
| 2009-10 | IV-II | 16500 | അബ്ദുൽ സലാം | 119030100723/04.10.19 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 37 | 2002-03 | VII.1.10(i) | തനത് ഫണ്ട് വൗച്ചർ ഹാജരാക്കിയില്ല. തുക.45000 | നടപടികൾ തുടർന്നുവരുന്നു |
| " | 38 | " | VII.1.10(ii) | ഉപാധിരഹിത ഫണ്ട് വിനിയോഗ ക്രമക്കേടുകൾ തുക. 36952 | " |
| " | 39 | " | VII.1.10(iii) | ജനകീയാസൂത്രണം പശു വളർത്തൽ പ്രൊജക്ട് വ്യതിചലനം തുക. 32000 | " |
| " | 40 | " | VII.1.10(iii) | തയ്യൽ മെഷീൻ വിതരണം അപാകതകൾ. തുക. 55250 | " |
| "<br>1999-2000 | 41<br>11 | "<br>2004-05 | VII.1.10(iv)<br>3.10.1(ii) | തറമ്മൽ ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി 75804 രൂപ കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് തുക. 229340 | " |
| 2000-01 | 15 | 2004-05 | " | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് തുക. 196967 | " |
| 1999-2000 | 15 | 2004-05 | 3.1.10.1(13) | വൈദ്യുതീകരണം-പോസ്റ്റ് വില 1.17 ലക്ഷം കൺവീനർമാർക്ക് നൽകി | " |
| 2015-16 | | | | പട്ടികജാതി പട്ടിക വർഗ പദ്ധതികൾ പ്രവർത്തനാവലോകന റിപ്പോർട്ട് | " |
| 2014-15 | 2(3),2(4) | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | " |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2001-02, 02-03, 03-04 | 2-5(part) | ശ്രീ. ഇ.വി പരമേശ്വരൻ, യു.ഡി.സി, തദ്ദേശ സ്വയംഭരണ വകുപ്പ്. | LF15758/ Spl.Cell/SC /D1/2010 /09.01.12 | 18738/- | -- | -- | -- | ലഭ്യമാക്കേണ്ടതാണ്. | -- | 18738/- |
| 2 | 2001-02, 02-03, | 2-5(part) | ശ്രീ. മധുസൂദനൻ, | LF15758/ Spl.Cell/SC | 9773/- | -- | -- | -- | -- | -- | 9773/- |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | 03-04 | | യു.ഡി.സി, തദ്ദേശ സ്വയംഭരണ വകുപ്പ്. | /D1/2010 /09.01.12 | | | | | | | |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക( രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1999-2000 | 2-4 | കെ. നാരായണ പിള്ള, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF16724/ Spl.cell/(sc5) /05/06-07-09 | 27350/- | -- | -- | -- | -- | -- | 27350/- |
| 2 | 2011-12, 12-13 | 3-18 | ശ്രീ. മുഹമ്മദ് സി, ഹെഡ്മാസ്റ്റർ, വിദ്യഭ്യാസ വകുപ്പ് | KSA11218/ Spl.cell/SC /D1/16 /08.01.18 | 16000/- | 4144/ 20.03.17 | -- | -- | -- | 16000/- | 0 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48960855 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47328915 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1992-93,1993-94 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 3 | |
| 1994-95 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 3 | |
| 1995-96 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 2 | |
| 1996-97 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 5 | |
| 1997-98 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 11 | |
| 1998-99 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 20 | |
| 1999-2000 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 17 | |
| 2000-01 | എൽ.എഫ്.എം.6/961/13 തി:30.01.2014 | 9 | |
| 2001-02 | എൽ.എഫ്.എം.6/961/13 തി:30.01.2014 | 2 | |
| 2002-03 | എൽ.എഫ്.എം.15/99/08 തി:06.12.2008 | 2 | |
| 2003-04 | എൽ.എഫ്.എം.6/961/13 തി:05.01.2014 | 9 | |
| 2004-05 | എൽ.എഫ്.എം.15/2298/08 തി:24.04.2009 | 10 | |
| 2005-06 | എൽ.എഫ്.എം.6/408/15 തി:19.05.2015 | 9 | |
| 2006-07 | എൽ.എഫ്.എം.15/940/10 തി:01.11.2010 | 12 | |
| 2007-08, 2008-09, 2009-10 | എൽ.എഫ്.എം.6/1614/12 തി:12.07.2012 | 21 | |
| 2010-11 | എൽ.എഫ്.എം.6/1771/13 തി:31.05.2014 | 12 | |
| 2011-12,12-13 | എൽ.എഫ്.എം.6/1110/15 തി:29.08.2016 | 14 | |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം.6/2113/16 തി. 24-08-2017 | 28 | |
| 2015-16 | കെ.എസ്.എ.എം.പി.എം.6/3458/16 തി. 19-04-2018 | 14 | |
| 2016-17 | കെ.എസ്.എ.എം.പി.എം22/2003/2017 തി.04-10-2017 | 13 | |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ.എം.പി.എം22/213/2017 തി.30-07-2019 | 20 | |
| 2018-19 | കെ.എസ്.എ.എം.പി.എം 22/438/2020 തി28.09.20 | 12 | |

ഡെപ്യൂട്ടി ഡയറക്ടർ

എം.എ.5/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്